**കേരള സർക്കാർ**

**സംഗ്രഹം**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമ പഞ്ചായത്തിൽ പ്യൂണായി സേവനമനുഷ്ഠിക്കവെ മരണപ്പെട്ട സഹൃദയന്റെ രണ്ടാം ഭാര്യയായ ശ്രീമതി.ബി. ലളിതാഭായിയ്ക്ക് കുടുംബപെൻഷൻ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(സാധാ) നം.3194/2015/തസ്വഭവ** **തീയതി, തിരുവനന്തപുരം, 28/10/2015**

---

പരാമർശം : 1) പഞ്ചായത്ത് ഡയറക്ടറുടെ 13/08/2013 ,04/03/2014,09/03/2015 തീയതികളിലെ എച്ച്1-930/13 നമ്പർ കത്തുകൾ.

2) കരുനാഗപ്പള്ളി താലൂക്ക് തഹസീൽദാരുടെ 16/04/2008 ലെ സി3-19722/2007/ഡി.ഡിസ് നമ്പർ സർട്ടിഫിക്കറ്റ്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമപഞ്ചായത്തിൽ പ്യൂൺ ആയിരിക്കവെ 23/03/2002 ൽ മരണപ്പെട്ട സഹൃദയന്റെ കുടുംബപെൻഷനാനുകൂല്യങ്ങൾ അവകാശികൾക്ക് അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകുന്നതിലേയ്ക്കായി പരാമർശം1 ലെ 13/08/2013 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോടപേക്ഷിക്കുകയുണ്ടായി.

സഹൃദയന്റെ മരണശേഷം ആദ്യ ഭാര്യയും രണ്ടാംഭാര്യയും തമ്മിൽ അവകാശത്തർക്കം നിലനിന്നിരുന്നതിനാൽ ആദ്യ ഭാര്യയും മകനും ചേർന്ന് ബഹു കേരള ഹൈക്കോടതിയിൽ **WP(C) 22779/06** നമ്പരായി കേസ് ഫയൽ ചെയ്യുകയും, ബഹു ഹൈക്കോടതി പുറപ്പെടുവിച്ച **08/08/2007** ലെ വിധിന്യായത്തിൽ പരാതിക്കാരുടെ ആവശ്യം നിശ്ചയിച്ചുകൊണ്ട് കരുനാഗപ്പള്ളി തഹസീൽദാർ അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്നും, ആയത് പ്രകാരം കരുനാഗപ്പള്ളി താലൂക്ക് തഹസിൽദാർ നൽകിയ പരാമർശം 2 ലെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം കക്ഷികൾ പരസ്പര സമ്മത പ്രകാരം മൊഴി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സഹൃദയന്റെ പേരിലുള്ള ആശ്രിതനിയമനം ലഭിക്കുന്നതിനുള്ള അവകാശി ആദ്യഭാര്യയിലെ മകനായ ഹൃദ്യമനും മറ്റ് ആനുകൂല്യങ്ങളും കുടുംബപെൻഷനും കൈപ്പറ്റുന്നതിനുള്ള

അവകാശി ടിയാന്റെ രണ്ടാം ഭാര്യയായ ശ്രീമതി. ബി. ലളിതാഭായി ആണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരുനാഗപ്പള്ളി താലൂക്ക് തഹസിൽദാർ നൽകിയ പരാമർശം 2 ലെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം കുടുംബപെൻഷന് അവകാശിയായി സഹൃദയന്റെ രണ്ടാംഭാര്യ ശ്രീമതി ബി. ലളിതാഭായിയെ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമപഞ്ചായത്തിൽ പ്യൂൺ ആയിരിക്കവെ മരണപ്പെട്ട സഹൃദയന്റെ കുടുംബപെൻഷൻ രണ്ടാം ഭാര്യയായ ശ്രീമതി ബി. ലളിതാഭായിയ്ക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൻ. നന്ദകുമാർ**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം ജില്ല.
സെക്രട്ടറി, മയ്യനാട് ഗ്രാമ പഞ്ചായത്ത്,കൊല്ലം ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ& എ)കേരള, തിരുവനന്തപുരം.
ധനവകുപ്പ്(യു.ഒ നം. 22890/WW1/15/ധന തീയതി 21/05/2015 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം. (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ